**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1211** **30-06-2026-ൽ മറുപടിയ്ക്ക്**

**<u>കർഷക ക്ഷേമനിധി ബോർഡ്</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. സനീഷ്കുമാർ ജോസഫ്

ശ്രീ. രമേഷ് പിഷാരടി

ശ്രീ. സുമേഷ് അച്യുതൻ

ശ്രീ. രാജൻ. ജെ. പല്ലൻ

ശ്രീ. ടി. സിദ്ദീഖ്
(കൃഷി വകുപ്പ് മന്ത്രി)

**(എ)** കർഷക ക്ഷേമം ലക്ഷ്യമിട്ട് ആറുവർഷം മുൻപ് തുടങ്ങിയ കേരള കർഷക ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം നിലച്ചതായുള്ള പരാതി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

**<u>മറുപടി:</u>** ഇല്ല

**(ബി)** പ്രസ്തുത ബോർഡിന്റെ പദ്ധതികൾക്ക് കഴിഞ്ഞ അഞ്ചു വർഷമായി അംഗീകാരം ലഭിക്കാത്ത സാഹചര്യം നിലവിലുണ്ടോ; വിശദമാക്കുമോ;

**<u>മറുപടി:</u>** നിലവിലുണ്ട്.

കേരള കർഷക ക്ഷേമനിധി ബോർഡ് 2020-ൽ രൂപീകരിക്കപ്പെട്ടെങ്കിലും, ബോർഡ് വിഭാവനം ചെയ്ത ക്ഷേമപദ്ധതികൾക്ക് ഇതുവരെ സർക്കാർ അംഗീകാരം ലഭ്യമായിട്ടില്ല. ആയതിനാൽ പെൻഷൻ ഉൾപ്പെടെയുള്ള ക്ഷേമാനുകൂല്യങ്ങൾ നിലവിൽ നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. ഈ വിഷയം പരിശോധിച്ചു വരുന്നു.

**(സി)** 2016-2021 കാലഘട്ടത്തിൽ രൂപീകരിച്ച് ആറു വർഷമായിട്ടും പ്രസ്തുത ബോർഡിന്റെ പദ്ധതികളിലേക്ക് സർക്കാർ വിഹിതം നൽകിയിട്ടില്ലെന്നും ഒരു ഗുണഭോക്താവിനു പോലും ആനുകൂല്യം നൽകാൻ കഴിയാത്ത സ്ഥിതിയാണെന്നുമുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

**<u>മറുപടി:</u>** കേരള കർഷക ക്ഷേമനിധി ബോർഡിന്റെ പദ്ധതികൾക്ക് ഇതുവരെ സർക്കാർ അംഗീകാരം ലഭ്യമായിട്ടില്ലാത്തതിനാൽ, പദ്ധതിയുടെ നടത്തിപ്പിനാവശ്യമായ സർക്കാർ വിഹിതം നാളിതുവരെ അനുവദിച്ചിട്ടില്ല.

കർഷക ക്ഷേമനിധി പദ്ധതിയിൽ അംഗങ്ങളായിട്ടുള്ളവർക്ക് പെൻഷൻ ആനുകൂല്യം ലഭിക്കുന്നതിനുള്ള അർഹതാകാലാവധി 2026 ഡിസംബർ മാസം മുതൽ പൂർത്തിയാകുന്നതാണ്. അതിനാൽ നിലവിൽ പെൻഷൻ ആനുകൂല്യം അനുവദിക്കേണ്ട സാഹചര്യം ഉണ്ടായിട്ടില്ല.

കൂടാതെ, കർഷക ക്ഷേമനിധി നിയമത്തിൽ മറ്റ് ക്ഷേമാനുകൂല്യങ്ങൾ സംബന്ധിച്ച് വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും, അവ നടപ്പിലാക്കുന്നതിനാവശ്യമായ പദ്ധതികൾക്ക് സർക്കാർ അംഗീകാരം ലഭിച്ചിട്ടില്ല. ഈ സാഹചര്യത്തിലാണ് ബോർഡിന് ഇതുവരെ യാതൊരു ക്ഷേമാനുകൂല്യവും വിതരണം ചെയ്യാൻ സാധിക്കാത്തത്.

**സെക്ഷൻ ഓഫീസർ**